<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1211**</u> <u>**12-02-2025 - ൽ മറുപടിയ്ക്ക്**</u>

<u>**അകമ്പുഴ - കക്കാടംപൊയിൽ കണക്ടിംഗ് റോഡ്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോടഞ്ചേരി - കക്കാടംപൊയിൽ റീച്ചിൽ അകമ്പുഴ - കക്കാടംപൊയിൽ കണക്ടിംഗ് റോഡിന്റെ വിശദാംശവും ആയത് വരാനിടയായ സാഹചര്യവും വിശദമാക്കുമോ; കണക്ടിംഗ് റോഡ് പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എ) | കോഴിക്കോട് ജില്ലയിലെ മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കോടഞ്ചേരി മുതൽ കക്കാടംപൊയിൽ വരെയുള്ള റീച്ചിലെ അകമ്പുഴ കക്കാടംപൊയിൽ കണക്ടിംഗ് റോഡ് കിഫ്ബി സ്റ്റാൻഡേർഡ് പ്രകാരം അഭിവൃദ്ധിപെടുത്താൻ സാധിക്കാത്തതിനാൽ മേലേകുമ്പാറ മുതൽ താഴേക്കാട് (Ch.24/523 മുതൽ 31/740) വരെയുള്ള 7.217 കി.മീ ഭാഗം 23.05.2023 തീയതിയിലെ Order No. PWD013-14/APR-01/2023/KIIFB പ്രകാരം ഒറിജിനൽ അലൈൻമെന്റിൽ നിന്നും ഒഴിവാക്കിയിരുന്നു. ആയത് ഡെപ്പോസിറ്റ് വർക്കായി കണക്ടിംഗ് റോഡ് നിർമ്മിക്കുന്നതിനായി 26.25 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കണക്ടിംഗ് റോഡിൻറെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് 27.01.2025 -ൽ നടന്ന 176 ാം ടെക്നിക്കൽ കമ്മറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നെങ്കിലും, റോഡിൻറെ Plan & Profile അലൈൻമെൻറ്, IRC സ്റ്റാൻഡേർഡ് പ്രകാരമുള്ള റോഡിൻറെ ഡിസൈൻ എന്നിവ സമർപ്പിച്ച് അലൈൻമെൻറ് അംഗീകരിച്ചതിനുശേഷം എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മറ്റിയിൽ പുന:സമർപ്പിക്കുവാനും പ്രവൃത്തിയുടെ ഫണ്ട് കിഫ്ബിയിൽ നിന്നും കെ.ആർ.എഫ്.ബി ക്ക് ഡെപ്പോസിറ്റായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കമ്മറ്റി നിർദ്ദേശിച്ചു. ആയത് ലഭ്യമാകുന്ന മുറക്ക് സാങ്കേതികാനുമതി നൽകി തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ